# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/214/2017 2017 ഒക്ടോബർ 14

## <u>പത്രക്കുറിപ്പ്</u>

**ബി.എഡ്. മേഴ്സി ചാൻസ് പരീക്ഷ**

ബി.എഡ് (ഏക വർഷം) മേഴ്സി ചാൻസ് പരീക്ഷകൾ (2006-2008 അഡ്മിഷനും, 2009 - 12 അഡ്മിഷനും) ഒക്ടോബർ 20-ാം തീയതി ആരംഭിക്കും. കോട്ടയം മൗണ്ട് കാർമൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ മാത്രമായിരിക്കും പരീക്ഷാ കേന്ദ്രം. ഹാൾടിക്കറ്റുകൾ ഈ കേന്ദ്രത്തിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

**പരീക്ഷ മാറ്റി**

മഹാത്മാഗാന്ധി സർവ്വകലാശാല നാളെ (ഒക്ടോബർ 16) നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

**പ്രാക്ടിക്കൽ/വൈവാവോസി**

മൂന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് (സപ്ലിമെന്ററി) ജൂലൈ 2017 പരീക്ഷയുടെ പ്രാക്ടിക്കലും വൈവാവോസിയും ഒക്ടോബർ 20 മുതൽ 25 വരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എജ്യൂക്കേഷന്റെ ഗാന്ധിനഗർ, പത്തനംതിട്ട, നെടുങ്കണ്ടം, മണിമലക്കുന്ന്, പാലാ കേന്ദ്രങ്ങളിലും പരുമല സെന്റ് ഗ്രിഗോറിയസ് കോളേജ് ഓഫ് നഴ്സിംഗിലും വച്ച് നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ബോട്ടണി (സി.എസ്.എസ്. റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 30 വരെ അപേക്ഷിക്കാം. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ ആമോസ് പി. തോമസ്, എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലെ അനില മേരി, പാലാ സെന്റ് തോമസ് കോളേജിലെ റീനു ആന്റണി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

2017 ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നടത്തിയ ബി.ബി.എ. ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 25 വരെ അപേക്ഷിക്കാം.

**എൻ.എസ്.എസ്. ക്യാമ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ നാഷണൽ സർവ്വീസ് സ്കീം വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രി-ആർഡി സെലക്ഷൻ ക്യാമ്പ്, കോട്ടയം അമലഗിരി ബി.കെ. കോളേജിൽ വച്ച് ഒക്ടോബർ 24ന് രാവിലെ 9.30ന് നടക്കും. പങ്കെടുക്കാൻ താല്പര്യമുള്ള എൻ.എസ്.എസ്. വോളന്റിയർമാരുടെ പേരുവിവരങ്ങൾ ഒക്ടോബർ 19ന് വൈകുന്നേരം 4 മണിക്ക് മുൻപായി സർവ്വകലാശാലാ എൻ.എസ്.എസ്. ഓഫീസിൽ ഇ-മെയിൽ ആയി നൽകേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**